# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2354 15/07/2011-ൽ മറുപടിക്ക്

## പുതുതായി ആരംഭിച്ച പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ

**ചോദ്യം**

ശ്രീ. കെ. സുരേഷ് കുറുപ്പ്:

**ഉത്തരം**

ശ്രീ. എ.പി. അനിൽ കുമാർ
(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) മുൻസർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് എത്ര പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ പുതുതായി ആരംഭിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നും അറിയിക്കുമോ; | (എ) മുൻസർക്കാരിന്റെ കാലത്ത് പുതുതായി ആരംഭിച്ചവ:-<br>(1) പോസ്റ്റ്മെട്രിക് ഹോസ്റ്റൽ (പെൺ), കണ്ണാടി, പാലക്കാട്<br>(2) പോസ്റ്റ്മെട്രിക് ഹോസ്റ്റൽ (പെൺ), പൂച്ചെട്ടിവിള (അഡീഷണൽ ബ്ലോക്ക്), തിരുവനന്തപുരം<br>(3) പോസ്റ്റ്മെട്രിക് ഹോസ്റ്റൽ (ആൺ), ഫോർഷോർ റോഡ്, എറണാകുളം (അഡീഷണൽ ബ്ലോക്ക്)<br>(4) പോസ്റ്റ്മെട്രിക് ഹോസ്റ്റൽ (പെൺ), വിദ്യാനഗർ, കാസർഗോഡ് |

......(2)

| | |
|---|---|
| (ബി) 2001-06 കാലയളവിൽ പോസ്റ്റ്മെട്രിക്, പ്രീമെട്രിക് മെസ്സ് അലവൻസ് എത്രയായിരുന്നു; ഇത് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര രൂപയായി വർദ്ധിപ്പിച്ചുവെന്ന് വ്യക്തമാക്കാമോ? | (ബി) 2001-06 കാലയളവിൽ പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളിലെ പ്രതിമാസ മെസ്സ് അലവൻസ് 1-4 ക്ലാസ് വിദ്യാർത്ഥികൾക്ക് 500/- രൂപയും, 5-10 ക്ലാസ് വിദ്യാർത്ഥികൾക്ക് 600/- രൂപയും ആയിരുന്നത് 26/08/2006-ൽ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ 700/- രൂപയായും പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിൽ 700/- രൂപയായിരുന്നത് 28/02/2007-ൽ 900/- രൂപയായും വർദ്ധിപ്പിക്കുകയുണ്ടായി. തുടർന്ന് 01/04/2009 മുതൽ പ്രാബല്യത്തിൽ പ്രീമെട്രിക് ഹോസ്റ്റലുകളിലെ 1 മുതൽ 10 വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് പ്രതിമാസം 1300/- രൂപയായും പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിൽ പ്രതിമാസം 1500/- രൂപയായും വർദ്ധിപ്പിച്ചു.<br><br>പട്ടികജാതി വികസന വകുപ്പിൻ കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളിൽ 500/- രൂപ യായിരുന്നത് 26/08/2006-ലെ സർക്കാർ ഉത്തരവു പ്രകാരം 700/- രൂപയായും 17/04/2009-ലെ സർക്കാർ ഉത്തരവു പ്രകാരം 1300/- രൂപയായും വർദ്ധിപ്പിച്ചു. പോസ്റ്റ്മെട്രിക് ഹോസ്റ്റലിലെ മെസ്സ് ചാർജ് 700/- രൂപയായിരുന്നത് 05/05/2006-ലെ സർക്കാർ ഉത്തരവു പ്രകാരം 01/01/2006 മുതൽ മുൻകാല പ്രാബല്യത്തോടെ 900/- രൂപയായും 17/01/2009-ലെ സർക്കാർ ഉത്തരവു പ്രകാരം ഇത് 1500/- രൂപയായും വർദ്ധിപ്പിക്കുകയുണ്ടായി. |

സെക്ഷൻ ആഫീസർ